പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 194 | 06.01.2014 ൽ മറുപടിക്ക്

## സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, വി. എ. മാധവൻ<br>,, കെ. ശിവദാസൻ നായർ<br>,, എം. എ. വാഹീദ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച് ഇപ്പോൾ 325 സ്കൂളുകളിൽ പദ്ധതി നിലവിലുണ്ട്. 2013 - 14 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി 2013-14 അദ്ധ്യയന വർഷത്തിലേക്ക് ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ കേഡറ്റുകളുടെ സർവ്വതോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കി വരുന്നുണ്ട്. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, നേച്ചർ ക്യാംപ്, വാർഷിക ജില്ലാതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുന്നു. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഡേ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് ക്വിസ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യദിന പരേഡ് എന്നിവയിൽ ഇവരെ പങ്കെടുപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കാനും ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്കും ഹയർ സെക്കൻണ്ടറി, വൊക്കേഷണൽ ഹയർ സെക്കൻണ്ടറി എന്നീ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | ആക്ടിവിറ്റി കലണ്ടർ പ്രകാരവും ഔട്ട്ഡോർ മാനുവൽ പ്രകാരവും സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകി വരുന്നു. 2013–14 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കൻണ്ടറി എന്നീ തലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ചിട്ടില്ല. |
| (സി) | പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ്മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% അറ്റൻഡൻസുള്ള എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു. |
| (ഡി) | പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ഡി) യും (ഇ) യും | ഇപ്പോൾ ഇത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ